വേനൽ മഴ പെയ്തു തുടങ്ങിയതോടെ പച്ചക്കറി കൃഷിക്കായി നിലമൊരുക്കുന്ന കർഷകൻ. മൂന്നാർ വട്ടവടയിൽ നിന്നുള്ള കാഴ്ച. ഫോട്ടോ: എൻ.ആർ. സുധർമ്മദാസ്

എണ്ണം തികയ്ക്കാൻ പാടുപെട്ട് വിജയ്

സസ്പെൻസ് ത്രില്ലറിൽ തമിഴകം

കോവളം സതീഷ്‌കുമാർ

ചെന്നൈ: ഓരോ മണിക്കൂറിലും നാടകീയ നീക്കങ്ങൾ നടക്കുന്ന തമിഴ്നാട് രാഷ്ട്രീയത്തിൽ വിജയ്ക്ക് മുഖ്യമന്ത്രി പദത്തിലേക്കുള്ള വഴി തെളിഞ്ഞിട്ടില്ല. പക്ഷെ, ഇന്ന് 118 എന്ന കേവല ഭൂരിപക്ഷം ഗവർണർക്കു മുന്നിൽ അവതരിപ്പിക്കാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് ടി.വി.കെ നേതാക്കൾ പ്രകടിപ്പിക്കുന്നത്.

അഞ്ചു കോൺഗ്രസ് അംഗങ്ങളുടെ പിന്തുണയോടെ 113ൽ എത്തി നിൽക്കുകയാണ് അംഗബലം. അഞ്ചുപേർ കൂടി വേണം. ഉചിതമായ തീരുമാനമെടുക്കാമെന്ന് സഖ്യകക്ഷികളോട് ഡി.എം.കെ അദ്ധ്യക്ഷൻ എം.കെ.സ്റ്റാലിൻ വ്യക്തമാക്കിയിട്ടുണ്ട്.

അതേസമയം, അണ്ണാ ഡി.എം.കെയെ പിളർത്താനുള്ള നീക്കങ്ങളും നടക്കുന്നുണ്ട്. അതു പരാജയപ്പെടുത്താനുള്ള തത്രപ്പാടിലാണ് പാർട്ടി ജനറൽ സെക്രട്ടറി എടപ്പാടി പളനിസാമി. അദ്ദേഹം വിമത എം.എൽ.എമാരെ ഇന്നലെ രാത്രി റിസോർട്ടിൽ സന്ദർശിച്ചു. അണ്ണാ ഡി.എം.കെ വിട്ട് ടി.വി.കെയിലെത്തിയ സെങ്കോട്ടയ്യനാണ് വിമത നീക്കത്തിനു ഊർജ്ജം പകരുന്നത്.

ഇന്നലെ വീണ്ടും ഗവർണർ രാജേന്ദ്ര ആർലേക്കറെ ലോക്ഭവനിലെത്തി വിജയ് കണ്ടിരുന്നു. അരമണിക്കൂറിലേറെ നടന്ന ചർച്ചയിൽ 118 പേരുടെ പിന്തുണ കത്ത് വേണമെന്ന നിലപാടിൽ ഗവർണർ ഉറച്ചുനിന്നു.

പിന്തുണ കത്ത് നൽകിയില്ലെങ്കിലും സി.പി.ഐ, സി.പി.എം, വി.സി.കെ പാർട്ടികൾ ഗവർണറുടെ തീരുമാനത്തെ അപലപിക്കുകയും വിജയ്‌യെ സത്യപ്രതിജ്ഞ ചെയ്യാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ടി.വി.കെയ്ക്ക് അനുകൂലമാണ് ജനവിധിയെന്നും ഗവർണർ വിജയ്‌യെ സർക്കാർ ഉണ്ടാക്കാൻ അനുവദിക്കണമെന്നും ഘടകകക്ഷി നേതാക്കളുമായുള്ള യോഗത്തിനുശേഷം ഡി.എം.കെ അദ്ധ്യക്ഷൻ എം.കെ.സ്റ്റാലിനും വ്യക്തമാക്കി.

മുന്നിൽ രണ്ടുവഴികൾ

1 രണ്ട് സീറ്റുകൾ വീതമുള്ള വി.സി.കെ, സി.പി.എം, സി.പി.ഐ പാർട്ടികളുടെ പിന്തുണ ഉറപ്പാക്കുക. ഈ പാർട്ടികളുടെ സംസ്ഥാന മേധാവികളെ ടി.വി.കെ നേതാക്കൾ ഇന്നലെ നേരിട്ട് കണ്ട് രേഖാമൂലം അഭ്യർത്ഥന കൈമാറി. ഉപാധികളോടെ പിന്തുണ നൽകാൻ സമവായത്തിലെത്തിയെന്ന് സൂചന.

2 അണ്ണാഡി.എം.കെയിൽ വിമതശബ്ദം ഉയർത്തുന്ന നേതാക്കളായ സി.വി.ഷണ്മുഖം, ഒ.എസ്.മണിയൻ എന്നിവരേയും അവരെ അനുകൂലിക്കുന്ന എം.എൽ.എമാരുടേയും പിന്തുണ അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് സ്വീകരിക്കുക. സി.വി.ഷണ്മുഖത്തിന് ഉപമുഖ്യമന്ത്രിസ്ഥാനവും മറ്റു രണ്ടുപേർക്ക് മന്ത്രിസ്ഥാനവുമാണ് വിമത നേതാക്കളുടെ ആവശ്യം.

വടക്കുന്നാഥ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരനട ചോർന്നൊലിക്കുന്നു

തൃശൂർ: വടക്കുന്നാഥ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരനടയിൽ പലഭാഗങ്ങളും ചോർന്നൊലിക്കുന്നു. മേൽക്കൂരയുടെ പല ഭാഗങ്ങളിലും ഓടുകൾ ഇളകിയ നിലയിലാണ്. കഴിഞ്ഞ ദിവസം പെയ്ത മഴയിൽ വെള്ളം താഴേക്ക് വീഴുകയായിരുന്നുവെന്ന് ഭക്തർ പറഞ്ഞു. മാസങ്ങളായി ഓടുകൾ ഇളകിയത് ദേവസ്വം ബോർഡ് അധികൃതരുടെയും പുരാവസ്തു ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തിയിട്ടും നടപടിയെടുത്തില്ലെന്നു പറയുന്നു. ക്ഷേത്രവും പരിസരവും പുരാവസ്തു വകുപ്പിന്റെ കീഴിലാണ്. അറ്റകുറ്റപ്പണികൾ നടത്താൻ അവരുടെ അനുമതി ആവശ്യമാണ്. എന്നാൽ, ഇത്തരം ചെറിയ സംഭവങ്ങൾക്ക് ബോർഡിന് തീരുമാനമെടുക്കാമെന്നും പറയുന്നു. ശ്രീമൂലസ്ഥാനത്തിനടുത്ത് വിരിച്ച കല്ലുകൾ ഇളകിയ നിലയിലാണ്. വായോധികരും മറ്റും ഇതിലെ ദർശനത്തിന് വരുന്നത് ഏറെ ബുദ്ധിമുട്ടാണ്. ക്ഷേത്രത്തിനകത്ത് കൂത്തമ്പലവും ചോർന്നൊലിക്കുകയാണ്. വർഷങ്ങളായി പുനരുദ്ധാരണ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്.

ചോർന്നൊലിക്കുന്ന ക്ഷേത്രത്തിന്റെ ഭാഗം

ജനശതാബ്ദി എക്സ്പ്രസിന് ആലുവയിൽ സ്റ്റോപ്പ്

ആലുവ: കണ്ണൂർ - തിരുവനന്തപുരം, തിരുവനന്തപുരം - കണ്ണൂർ ജനശതാബ്ദി എക്സ്പ്രസിന് ആലുവയിൽ സ്റ്റോപ്പ് അനുവദിച്ചു. നിയുക്ത എം.എൽ.എയും ബി.ജെ.പി സംസ്ഥാന പ്രസിഡന്റുമായ രാജീവ് ചന്ദ്രശേഖറിന്റെ അഭ്യർത്ഥന പ്രകാരമാണ് റെയിൽവേയുടെ നടപടിയെന്ന് നോർത്ത് ജില്ലാ പ്രസിഡന്റ് എം.എ. ബ്രഹ്മരാജ് പറഞ്ഞു. സ്റ്റോപ്പ് അനുവദിച്ചുകൊണ്ടുള്ള കത്ത് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, രാജീവ് ചന്ദ്രശേഖറിന് നൽകി.

സ്റ്റോപ്പ് അനുവദിച്ചതിന്റെ സന്തോഷ സൂചകമായി ബി.ജെ.പി നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആലുവ റെയിൽവേ സ്റ്റേഷനിൽ മധുര വിതരണം നടത്തി.

എം.ബി.എക്കാരിയെ കത്തിമുനയിൽ പീഡിപ്പിച്ചു

■ അക്രമം ആൺസുഹൃത്തിനു മുന്നിൽ ■ കൊട്ടംകുറ്റവാളികൾ അറസ്റ്റിൽ

എ.പ്രേമാനന്ദ്

കൊച്ചി: എറണാകുളം നഗരത്തിലെ ആളൊഴിഞ്ഞ ബഹുനില കെട്ടിടത്തിൽ രാത്രി ആൺസുഹൃത്തിനൊപ്പം എത്തിയ 24കാരിയെ കത്തിമുനയിൽ നിറുത്തി മൂന്ന് യുവാക്കൾ ക്രൂരമായി പീഡിപ്പിച്ചു. ആൺസുഹൃത്തിന്റെ കൺമുന്നിൽ യുവതിയെ വിവസ്ത്രയാക്കി ഒരു മണിക്കൂറോളം ഉപദ്രവിച്ചു. മാനഭംഗത്തെ ശക്തമായി ചെറുത്ത യുവതി കെട്ടിടത്തിന്റെ പത്താംനിലയിൽ നിന്ന് ഫയർ ഗോവണിയിലൂടെ പൂർണനഗ്നയായി ഇറങ്ങിയോടിയാണ് രക്ഷപ്പെട്ടത്. മുഖ്യപ്രതി തിരുവനന്തപുരം ഇടവ ഡാനിഷ് മൻസിലിൽ എൻ.എസ്.ഡാനിഷ്(28), കൊല്ലം പരവൂർ ആറ്റിൻപുറം വീട്ടിൽ രാഹുൽ (39) എന്നിവർ 24 മണിക്കൂറിനകം എറണാകുളം സെൻട്രൽ പൊലീസിന്റെ പിടിയിലായി. മൂന്നാംപ്രതി അതുലിനായി തെരച്ചിൽ തുടരുന്നു. ഇവർ സ്ഥിരം കുറ്റവാളികളാണ്.

സ്വകാര്യസ്ഥാപനത്തിലെ എച്ച്.ആർ വിഭാഗം ജീവനക്കാരിയായ എം.ബി.എ ബിരുദധാരിയാണ് കൊച്ചിയുടെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത ലൈംഗിക അതിക്രമത്തിനിരയായത്.

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ റിസർവേഷൻ സെന്ററിനു പിന്നിലെ വിവേകാനന്ദ റോഡിൽ വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ബ്യൂമോണ്ടേ ഹോട്ടലിന്റെ പത്താംനിലയിൽ ചൊവ്വാഴ്ച രാത്രി 10നായിരുന്നു സംഭവം. യുവതിയും എറണാകുളം സ്വദേശിയായ ആൺസുഹൃത്തും കെട്ടിടത്തിന്റെ മുകൾനിലയിലേക്ക് പോകുമ്പോൾ പ്രതികൾ താഴത്തെ നിലയിൽ മദ്യപിക്കുകയായിരുന്നു. പിന്നാലെ, കൂട്ടാളികളുമായി മുകളിലെത്തിയ ഡാനിഷ് താനുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ യുവതിയോട് ആവശ്യപ്പെട്ടു. വിസമ്മതിച്ചതോടെയാണ് ആൺസുഹൃത്തിനെ കത്തിമുനയിൽ നിറുത്തിക്കൊണ്ട് യുവതിയെ അടിവസ്ത്രമുൾപ്പെടെ കീറിയെറിഞ്ഞ് വിവസ്ത്രയാക്കിയത്. യുവതിയുടെ ശക്തമായ ചെറുത്തുനിൽപ്പിനിടെ കടിയേറ്റ് ഡാനിഷിന്റെ കൈയ്ക്ക് മുറിവേറ്റു. മൂന്ന് അക്രമികളെയും തള്ളിമാറ്റി കെട്ടിടത്തിന്റെ ഫയർഗോവണിയിലൂടെ യുവതി സുഹൃത്തിനൊപ്പം ഓടിയിറങ്ങുകയായിരുന്നു.

താഴെയെത്തിയപ്പോൾ ആൺസുഹൃത്ത് ജാക്കറ്റ് ഉപയോഗിച്ച് യുവതിയുടെ ദേഹം മറച്ചു. യുവതി ഹെൽപ്പ്ലൈനിൽ വിളിച്ചതോടെ പൊലീസെത്തി ഇരുവരെയും സെൻട്രൽ സ്റ്റേഷനിൽ എത്തിച്ചു. ഇതിനിടെ യുവാവിന്റെ ബാഗുമായി പ്രതികൾ കടന്നിരുന്നു.

സി.സി ടിവിയിൽ ബൈക്ക് നമ്പർ

- സംഭവത്തിനുശേഷം ബുധനാഴ്ച രാവിലെ കെട്ടിടത്തിനു സമീപം ബൈക്കിൽ മൂന്നുപേർ എത്തിയതായി പൊലീസിനു വിവരം ലഭിച്ചു. സി.സി ടിവിയിൽ നിന്നു ലഭിച്ച ബൈക്കിന്റെ നമ്പർ പിന്തുടർന്നാണ് രണ്ടു പ്രതികളെ പിടികൂടിയത്
- യുവതിയുടെ ബാഗിൽ നിന്ന് ആൺസുഹൃത്തിന്റെ സൺഗ്ലാസ് കൈക്കലാക്കിയ മൂന്നാംപ്രതി അതുൽ സമൂഹമാദ്ധ്യമത്തിൽ അതും ധരിച്ച് പോസ്റ്റിട്ടിരുന്നു. മൂന്ന് പ്രതികളുടെയും പടങ്ങൾ യുവതി തിരിച്ചറിഞ്ഞു
- കാര്യങ്ങൾ യുവതി ആദ്യം പൊലീസിനോട് പൂർണമായി വെളിപ്പെടുത്തിയില്ല. കത്തികാട്ടി ഭീഷണിപ്പെടുത്തിയെന്നാണ് മൊഴി നൽകിയത്. പ്രതി രാഹുലിനെ ചോദ്യം ചെയ്തപ്പോഴാണ് അതിക്രമത്തിന്റെ പൂർണ ചിത്രം പൊലീസിനു ബോദ്ധ്യപ്പെട്ടത്.

ഡാനിഷ്



രാഹുൽ

‘തീരദേശം അവയവ കച്ചവടകേന്ദ്രം’: ഇരകളിലേറെയും സ്ത്രീകൾ

തൃശൂർ: തീരദേശ മേഖലകളിൽ അവയവക്കച്ചവടം വ്യാപകമെന്ന് തൃശൂർ മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം മേധാവി ഡോ.ഹിതേഷ് ശങ്കറിന്റെ ഫേസ്ബുക്ക് പോസ്റ്റ്.

തൃശൂരിലെ കയ്പമംഗലം, കൊടുങ്ങല്ലൂർ, ചേർത്തല, കൊല്ലത്തെ തീരപ്രദേശങ്ങൾ എന്നിവിടങ്ങൾ അവയവക്കച്ചവടത്തിന്റെ കേന്ദ്രമായി മാറിയെന്നാണ് ആരോപണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ ലക്ഷ്യമാക്കി മാഫിയകൾ പ്രവർത്തിക്കുന്നതായി ആരോപണവുമുണ്ട്. ഇതിൽ സ്ത്രീകളാണ് കൂടുതൽ ഇരകളെന്നും ഹിതേഷ് ശങ്കർ കേരളകൗമുദിയോട് പറഞ്ഞു. ജില്ലാതല അംഗീകാര സമിതി നിരസിച്ച കേസുകൾ പോലും ഹൈക്കോടതിയുടെ അനുമതി തേടി വീണ്ടും മുന്നോട്ടുപോകുന്നുണ്ട്.

സാമൂഹിക പ്രശ്നം

സാമ്പത്തിക പിന്നാക്കാവസ്ഥ മുതലെടുത്ത് സ്ത്രീകളെ ഇരയാക്കുകയാണെന്ന സംശയമാണ് ഡോ. ഹിതേഷ് ശങ്കർ പ്രകടിപ്പിക്കുന്നത്. മേയ് 4ന് പരിഗണിച്ച എട്ട് കേസുകളിൽ ഏഴു പേരും സ്ത്രീകളായിരുന്നു. ഇതിൽ പലർക്കും അവയവം സ്വീകരിക്കുന്ന രോഗിയെ നേരിട്ട് പോലും അറിയില്ല. ഭർത്താവിന്റെ പരിചയത്തിന്റെ അടിസ്ഥാനത്തിലാണ് അവയവദാനം നടത്തുന്നത്. ‘ആത്മാർത്ഥ ദാനം’ എന്ന പേരിൽ കൃത്രിമക്കഥകളാണ് സൃഷ്ടിക്കപ്പെടുന്നതെന്നും പറയുന്നു.

ലോറിക്കടിയിൽപ്പെട്ട് യുവതിക്ക് ദാരുണാന്ത്യം

തൃശൂർ: മുണ്ടൂപാലത്ത് ലോറിക്കടിയിൽപ്പെട്ട് സ്കൂട്ടർ യാത്രികയ്ക്ക് ദാരുണാന്ത്യം. അവിണിശേരി സെന്റ് ജോസഫ് പള്ളിക്ക് സമീപം വട്ടംകുറ്റിൽ വീട്ടിൽ ശ്രീനിവാസന്റെ ഭാര്യ ദേവികയാണ് (36) മരിച്ചത്.

കാറിനെ മറികടക്കുന്നതിനിടയിൽ ബ്രേക്ക് പിടിച്ചപ്പോൾ ലോറിക്കടിയിലേക്ക് തെന്നിവീഴുകയായിരുന്നു. ഇവരുടെ തലയിലൂടെ ചക്രം കയറിയിറങ്ങി. ഇന്നലെ രാവിലെ എട്ടിനായിരുന്നു അപകടം. തൃശൂർ പൂങ്കുന്നത്തെ മണപ്പുറം എഡ്യൂക്കേഷൻ സ്ഥാപനത്തിലെ ജീവനക്കാരിയാണ്. ജോലിക്ക് പോകുമ്പോഴായിരുന്നു അപകടം. സംസ്കാരം നടത്തി. മകൾ: ദിയ.

കാൻസേർവ് വിപണനമേള

കൊച്ചി: കാൻസർ രോഗികൾക്ക് സാന്ത്വനവും സഹായവും നൽകുന്ന സംഘടനയായ ക്യാൻസർവ് സൊസൈറ്റിയുടെ വിപണന മേള മെയ് 9, 10 തീയതികളിൽ ഇടപ്പള്ളി ഗവ.യു.പി. സ്കൂളിൽ നടക്കും. ബട്ടർഫ്ളൈ കാൻസർ കെയർ ഫൗണ്ടേഷന്റെ ‘യുവതി’ പദ്ധതിയിലുള്ള ക്യാൻസർ ബാധിതരെയും അതിജീവിതരെയും ഉൾപ്പെടുത്തിയാണ് മേള സംഘടിപ്പിക്കുന്നത്. ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, സ്ത്രീകളുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ, കാർഷിക ഉത്പന്നങ്ങൾ, പുസ്തകങ്ങൾ, ബെഡ്ഷീറ്റുകൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങി നിരവധി ഉത്പന്നങ്ങൾ വിവിധ സ്റ്റാളുകളിലൂടെ ലഭ്യമാകും.

നിഴലാഴം പ്രദർശനം 11ന്

കൊച്ചി: തോൽപ്പാവക്കൂത്ത് കലാകാരന്മാരുടെ ജീവിതം പറയുന്ന ‘നിഴലാഴം’ സിനിമ ചാവറ കൾച്ചറൽ സെന്റർ ഡോൾബി തിയേറ്ററിൽ മേയ് 11 വൈകീട്ട് 5.30ന് പ്രദർശിപ്പിക്കും. കൊച്ചിൻ ഫിലിം സൊസൈറ്റി, ചാവറ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെയാണ് പ്രദർശനം. നവാഗത സംവിധായകൻ രാഹുൽ രാജാണ് സംവിധായകൻ. തോൽപ്പാവക്കൂത്ത് കലാകാരന്മാരുടെ ജീവിതം, കലയോടുള്ള സമർപ്പണം, ദൈന്യതകൾ തുടങ്ങി വിവിധ ഘട്ടങ്ങളിലൂടെയാണ് സിനിമ കടന്നുപോകുന്നത്. എണ്ണവിളക്കുകളുടെ വെട്ടത്തിൽ അവതരിപ്പിക്കപ്പെടുന്നതാണ് തോൽപ്പാവക്കൂത്ത്. വിവരങ്ങൾക്ക്: 9496334492

ടൈ വുമൺ കേരള ലോഞ്ച് 12ന്

കൊച്ചി: വനിതാസംരംഭകർക്കും സഹസംരംഭകർക്കുമായി ടൈ വുമൺ കേരള സമ്മേളനം 12ന് വൈകിട്ട് മൂന്നിന് എസ്.സി.എം.എസ് കോളേജിൽ സംഘടിപ്പിക്കും. നെസ്റ്റ് ഡിജിറ്റൽ സി.ഇ.ഒ നസ്നീൻ ജഹാംഗീർ, വി സ്റ്റാർ ക്രിയേഷൻ സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ ഷീല കൊച്ചൗസേപ്പ് എന്നിവർ മുഖ്യപ്രഭാഷണം നടത്തും. 2019 ജനവരി ഒന്നിന് ശേഷം സ്റ്റാർട്ടപ്പുകൾ ആരംഭിച്ച വനിതാ സംരംഭകർ, 33 ശതമാനമോ അതിലധികമോ ഓഹരിയുള്ള വനിതാ സഹസംരംഭകർ എന്നിവർക്ക് പിച്ചിംഗ് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കാൻ https://events.tie.org/TiEWomenlaunch2026 എന്ന ലിങ്കിലും പിച്ചിംഗ് മത്സരത്തിൽ പങ്കെടുക്കാൻ https://tiewomen.org എന്ന ലിങ്കിലും അപേക്ഷിക്കാം.

ആറാട്ടിനൊരുങ്ങി കൂടപ്പുഴ

ചാലക്കുടി: ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവ സമാപനത്തിന്റെ ഭാഗമായി ചാലക്കുടിപ്പുഴയിൽ ഇന്ന് ആറാട്ട് നടക്കും. ഇതിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കൂടപ്പുഴയിലെ പ്രശസ്തമായ കടവിൽ ഉച്ചയ്ക്കാണ് ആറാട്ട്. ഇരിങ്ങാലക്കുടയിൽ നിന്നും ഭഗവാന്റെ തിടമ്പുമായി നടന്നാണ് ആറാട്ടുസംഘമെത്തുക. ഗജവീരന്മാരുടെ അകമ്പടിയുണ്ടാകും. കടവിൽ നടക്കുന്ന പൂജകൾക്കുശേഷം തന്ത്രിയും പരിവാരങ്ങളും ആറാട്ട് മുങ്ങും. തുടർന്ന് ദേവസ്വത്തിന്റെ പഴയകാല ഊട്ടുപുരയിൽ ആറാട്ട് കഞ്ഞി വിതരണം ചെയ്യും. കൂടപ്പുഴ എൻ.എസ്.എസ് കരയോഗം പതിനായിരത്തോളം ജനങ്ങൾക്കാണ് കഞ്ഞി വിതരണം നടത്തുന്നത്. മുതിരപ്പുഴുക്ക്, മാമ്പഴക്കാളൻ, ചെത്തുമാങ്ങ, പപ്പടം എന്നിവയാണ് വിഭവങ്ങൾ. ആറാട്ട് പൂജകൾക്കായി കടവിൽ പ്രത്യേകം പന്തൽ തയ്യാറാക്കിയിട്ടുണ്ട്. സുരക്ഷയുടെ ഭാഗമായി ചാലക്കുടി ഫയർഫോഴ്സ് പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തി. അഞ്ച് കൗണ്ടറുകളിൽ കഞ്ഞി വിതരണം നടക്കും. കഞ്ഞി വിതരണത്തിന് പതിനായിരം പാള പ്ലേറ്റുകൾ എത്തിച്ചു. കഞ്ഞി കുടിക്കുന്നതിന് പച്ചപ്ലാവിലയും ഒരുക്കി. വേനൽമഴയെ മുൻനിറുത്തി ഇക്കുറി കഞ്ഞി വിതരണ സ്ഥലത്ത് ചോരാപന്തലാണ് ഒരുക്കിയതെന്ന് സംഘാടകരായ എൻ.എസ്.എസ് കരയോഗത്തിന്റെ പ്രസിഡന്റ് നന്ദകുമാർ ചിറക്കൽ പറഞ്ഞു.

ആറാട്ട് കഞ്ഞി വിതരണത്തിന് എത്തിയ പാള പാത്രം

വി.ഡി. സതീശന് അനുകൂല പ്രകടനം

കൊടുങ്ങല്ലൂർ: മുഖ്യമന്ത്രി ചർച്ച ശക്തമായിരിക്കെ കൊടുങ്ങല്ലൂരിലും വി.ഡി. സതീശൻ അനുകൂല പ്രകടനം. യു.ഡി.എഫിനെ വിജയത്തിലേക്ക് നയിച്ച വി.ഡി സതീശൻ തന്നെ മുഖ്യമന്ത്രി ആകണമെന്ന് ആവശ്യപ്പെട്ട് മുദ്രവാക്യം വിളിയുമായി നൂറുകണക്കിന് കോൺഗ്രസ് പ്രവർത്തകർ പ്രകടനം നടത്തി. വടക്കേ നടയിൽ നിന്നും ആരംഭിച്ച പ്രകടനം നഗരം ചുറ്റി വടക്കേ നടയിൽ സമാപിച്ചു. എറിയാട് ബ്ലോക്ക് വൈസ് പ്രസിഡന്റ് ഇ.കെ. സോമൻ മാസ്റ്റർ, വി.എം. ഷൈൻ, ഇസാബിൻ അബ്ദുൾ കരീം, അയൂബ് കരൂപ്പടന്ന തുടങ്ങിയ നേതാക്കൾ നേതൃത്വം നൽകി.

വി.ഡി. സതീശനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് പ്രവർത്തകർ കൊടുങ്ങല്ലൂരിൽ പ്രകടനം നടത്തുന്നു

വി.ഡി.സതീശനെ അനുകൂലിച്ച് ഫ്ലക്സ്

തൃശൂർ: വി.ഡി.സതീശനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ട് കൊടുങ്ങല്ലൂരിൽ പ്രകടനം നടന്നതിന് പിന്നാലെ തൃശൂർ മരത്താക്കര സെന്ററിൽ സതീശനെ അനുകൂലിച്ച് ഫ്ളക്സ് ബോർഡ്. ‘നേരുള്ള, നെറിവുള്ള, നിലപാടുള്ള നായകൻ നാടിനെ നയിക്കട്ടെ, കേരള മുഖ്യമന്ത്രി വി.ഡി.സതീശന് അഭിവാദ്യങ്ങൾ’ എന്നാണ് ഫ്ളക്സ് ബോർഡിൽ എഴുതിയിരിക്കുന്നത്.

വി.ഡി.സതീശനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ട് പെരുമ്പിലാവിൽ കോൺഗ്രസ് പ്രവർത്തകർ നടത്തിയ പ്രകടനം

पंजाब नैशनल बैंक ...भरोसे का प्रतीक ! | punjab national bank ...the name you can BANK upon !

എ. ആർ. എം. ബി, എറണാകുളം
1-ാം നില, പി.എൻ.ബി.ഹൗസ്, നം.40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011,
Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേലവിൽപ്പന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "**എവിടെയാണോ**" "**എങ്ങിനെയാണോ**" "**ഏതൊക്കെയാണോ**" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 08-06-2026ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്തരീതി, പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ
1	**പി.എൻ.ബി. എ.ആർ.എം.ബി. എറണാകുളം** **M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ ട്രസ്റ്റ്**, 3C, സമ്മർ ബ്രീസ്, കുറവൻ കോണം, കവടിയാർ പി.ഒ, തിരുവനന്തപുരം - 695003, രജിസ്റ്റേർഡ് ഓഫീസ്, 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003 & അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്: ആക്സിസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി H.No. 5/424, നന്തിക്കര പി.ഒ, കൊടകര (വഴി), എൻ. എച്ച്.47, തൃശ്ശൂർ - 680301 പ്രതിനിധാനം ചെയ്യുന്നത് ജനറൽ സെക്രട്ടറി. **ടി.സി വിൽസൺ**, S/o ചാക്കോ, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറി & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: തേക്കാനം വീട്, ഒക്കൽപി.ഒ., താണിപ്പുഴ, ആലുവ, സി) സമ്മർ ബ്രീസ്, No.3C കുറവവോണം ജംഗ്ഷൻ, കവടിയാർ പി.ഒ, പിൻ 695003, കവടിയാർ വില്ലേജ്, തിരുവനന്തപുരം ജില്ല. **ബി. സയ്ദ് മുഹമ്മദ്**, S/o പരേതനായ അബ്ദുള്ള, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ-ന്റെ ചെയർമാൻ & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: ആഞ്ചസ് ആഷിയാമ്മ 50/1835 ചേരാനല്ലൂർ റോഡ്, സൊസൈറ്റി പടി നോർത്ത്, ഇടപ്പള്ളി, നോർത്ത് എയിംസ് പി.ഒ, കൊച്ചി - 682041. **എം.കെ നസറുദ്ദീൻ മുസലിയാർ**, S/o കെ. എം.കെ മുസലിയാർ, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ട്രഷറർ & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: അമൽ, 236/1104 (4), ഇഞ്ചിക്കൽ, പേട്ട വില്ലേജ്, വള്ളക്കടവ് പി.ഒ, പിൻ - 695008, തിരുവനന്തപുരം. **ജി.ഹരികുമാർ**, S/o ഗോപാല പിള്ള, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ജോയിന്റ് സെക്രട്ടറി & ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: ടിസി 9/2037 (15), എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം, **കെ.ജി മധു**, S/o പി.ഗോപി, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: കള്ളിയേത്ത്, PRA 142A, പടയണി റോഡ്, മരുതൻകുഴി, വട്ടിയൂർക്കാവ് വില്ലേജ്, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം - 695013. **കുഞ്ഞിപോക്കർ മുഹമ്മദ്**, S/o പരേതനായ മുഹമ്മദ്, M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: തെക്കേപടയിൽ വീട്, പുന്നയൂർ പഞ്ചായത്ത്, പി ഒ വടക്കേകാട് (വഴി) പട്ടകുളങ്ങര ക്ഷേത്രം, നോർത്ത് തൃശ്ശൂർ, കേരളം, **ശ്രീമതി ദീപ ജെ നായർ**, D/o ജയകുമാരി.എസ്, DDRA-402C, NSS കരയോഗം റോഡ്, കുടപ്പനക്കുന്ന്, തിരുവനന്തപുരം - 695043. **എസ്.ബിന്ദു കലാദേവി**, D/o ശിവകുമാരി അമ്മ, പുതുമടം പുത്തൻവീട്, 5th അവന്യൂ, നമ്പർ 86, അഭയ നഗർ, ഊളൻപാറ, പേരൂർക്കട, തിരുവനന്തപുരം. **അബ്ദുൾ കരീം**, S/o പരീദ്, മുസ്ലീംവീട്ടിൽ വീട്, വെങ്കിടങ്ങ് പി.ഒ., തൃശൂർ - 680510. **സൗധ അബ്ദുൾ കരീം**, W/o അബ്ദുൾ കരീം, മുസ്ലീംവീട്ടിൽ വീട്, വെങ്കിടങ്ങ് പി.ഒ., തൃശൂർ - 680510. **മുഹമ്മദ് അഷറഫ് അഥവാ കെ.കെ അഷറഫ്**, S/o കുഞ്ഞുമോൻ മുസലിയാർ, താമസം: കറപ്പം ഹൗസ്, ചൊവ്വല്ലൂർ, കണ്ടാണശ്ശേരി, തൃശൂർ - 680517. **ശ്രീ.സി.സി തമ്പി**, S/o ചാക്കൗട്ടി M/s ഗ്ലോബൽ നോളജ് ഫൗണ്ടേഷൻ-ന്റെ ട്രസ്റ്റി, വിലാസം: എ) 10/B ചോയ്സ് ഹൈറ്റ്സ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003, ബി) താമസം: ചെറുവത്തൂർ വീട്, കോട്ടോൾ, പഴഞ്ഞി പി.ഒ, പഴഞ്ഞി വില്ലേജ്, തൃശൂർ - 690542. **ജി.ഹരികുമാർ**, പരേതനായ സൂര്യദത്ത്-ന്റെ നിയപരമായുള്ള അവകാശി, ടിസി 9/2037 (15), എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, പിൻ 695010, തിരുവനന്തപുരം, **ശ്രീമതി. വിശ്വേശരി**, W/o ജി ഹരികുമാർ, പരേതനായ സൂര്യദത്ത്-ന്റെ നിയപരമായുള്ള അവകാശി, ടിസി 9/2037, തമ്പുരാൻ നഗർ, എ ലൈൻ, ഇടപ്പഴഞ്ഞി, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695010, **ആക്സിസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി**, ഈസ്റ്റ് കോടാലി, കൊടകര, മുരിക്കിങ്ങൽ പി ഒ, തൃശൂർ - 680517.	**(1) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.** 1821/2 **ൽ പെട്ട** 13.25 **ആർസ് വസ്തു, സർവ്വേ നം.** 1821/1**ൽ പെട്ട** 12.15 **ആർസ് വസ്തു, സർവ്വേ നം.** 1822 **ൽ പെട്ട** 11.23 **ആർസ് വസ്തു, സർവ്വേ നം.** 1829**ൽ പെട്ട** 24.69 **ആർസ് വസ്തു, സർവ്വേ നം.** 1820 **ൽ പെട്ട** 46.34 **ആർസ് വസ്തു മൊത്തം** 107.66 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** സിനി & ജോമോൻ വക വസ്തു; **തെക്ക്:** ജോസ് വക വസ്തു; **കിഴക്ക്:** റോബിൻ വക വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്. **(2) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.** 1828 **ൽ പെട്ട** 27.88 **ആർസ് വസ്തു & സർവ്വേ നം.** 1829**ൽ പെട്ട** 15.79 **ആർസ് വസ്തു, മൊത്തം** 43.67 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** റോബിൻ ജേക്കബ്ബ് വക വസ്തു; **തെക്ക്:** പഞ്ചായത്ത് റോഡും റോബിൻ ജേക്കബ്ബ് വക വസ്തുവും; **കിഴക്ക്:** ജെയിംസ് വക വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ് **(3) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.** 1822 **ൽ പെട്ട** 16.49 **ആർസ് വസ്തു & സർവ്വേ നം.** 1829 **ൽ പെട്ട** 23.98 **ആർസ് വസ്തു, മൊത്തം** 40.47 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** മേരികുട്ടി വക വസ്തു; **തെക്ക്:** റോബിൻ വക 3 മീറ്റർ വസ്തു; **കിഴക്ക്:** റോബിൻ ജേക്കബ്ബ് വാങ്ങിയ വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്. **(4) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.** 1821/11 **ൽ പെട്ട** 7.16 **ആർസ് വസ്തു, സർവ്വേ നം.** 1821/2 **ൽ പെട്ട** 3.10 **ആർസ് വസ്തു & സർവ്വേ നം.** 1822 **ൽ പെട്ട** 6.27 **ആർസ് വസ്തു, മൊത്തം** 16.53 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** റിൻസി വക വസ്തു; **തെക്ക്:** റോബിൻ ജേക്കബ്ബ് വക വസ്തു; **കിഴക്ക്:** റോബിൻ ജേക്കബ്ബ് കൈവശമുള്ള വസ്തു; **പടിഞ്ഞാറ്:** മേരിക്കുട്ടിയുടെയും മറ്റുള്ളവരുടെയും വക വസ്തു. **(5) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.** 1828 **ൽ പെട്ട** 19.61 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** ജെയിംസ് ജേക്കബ്ബ് വക വസ്തു; **തെക്ക്:** പഞ്ചായത്ത് റോഡ്; **കിഴക്ക്:** റോബിൻ ജേക്കബ്ബിന്റെ ബാക്കി വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്. **(6) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.**1829 **ൽ പെട്ട** 1.52 **ആർസ് വസ്തു & സർവ്വേ നം.**1822 **ൽ പെട്ട** 10.34 **ആർസ് വസ്തു, മൊത്തം** 11.86 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** റോബിൻ വക വസ്തു; **തെക്ക്:** പനച്ചിക്കൽ ജെയിംസ് വക വസ്തു; **കിഴക്ക്:** റോബിൻ ജേക്കബ്ബ് വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ് & ജോസ് വക വസ്തു. **(7) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.**1817 **ൽ പെട്ട** 97.13 **ആർസ് വസ്തു & സർവ്വേ നം.**190 **ൽ പെട്ട** 19.12 **ആർസ് വസ്തു, മൊത്തം** 116.25 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** മടത്തണി ടോമി വക വസ്തു; **തെക്ക്:** ജോമോൻ & മേരികുട്ടി എന്നിവർ വക വസ്തുക്കൾ; **കിഴക്ക്:** ഷാജിയുടെയും മറ്റുള്ളവരുടെയും വക വസ്തുവും നടവഴിയും; **പടിഞ്ഞാറ്:** സിനി, W/o കളത്തിങ്കൽ യോഹന്നാൻ വക വസ്തു. **(8) തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, വെള്ളികുളങ്ങര വില്ലേജിൽ സർവ്വേ നം.**190 **ൽ പെട്ട** 30.35 **ആർസ് വസ്തു, സർവ്വേ നം.**1817**ൽ പെട്ട** 10.22 **ആർസ് വസ്തു & സർവ്വേ നം.**1818 **ൽ പെട്ട** 40.37 **ആർസ് വസ്തു, മൊത്തം** 80.94 **ആർസ് വസ്തുവും അതിലുൾപ്പെട്ട സകലവിധ കുഴിക്കൂർ ചമയങ്ങൾ കൂടിയാകുന്നു. അതിരുകൾ: വടക്ക്:** കണ്ണുകാടൻ വീട്ടുകാർ വക വസ്തു; **തെക്ക്:** കുഴുക്കാരം ജോമോൻ & റിൻസി എന്നിവർ വക വസ്തു; **കിഴക്ക്:** റിൻസി വക വസ്തു; **പടിഞ്ഞാറ്:** കണ്ണുകാടൻ വർഗ്ഗീസ് പുരയിടം & റിൻസി എന്നിവർ വക വസ്തുക്കൾ.	**(എ) 13(2) - 23.08.2024** **(ബി)** 30.04.2026 ലെ **രൂപ 8,83,84,000/- (എട്ട് കോടി എൺപത്തി മൂന്ന് ലക്ഷത്തി എൺപത്തി നാലായിരം രൂപ** യും 01.05.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും **(സി) കൈവശ നോട്ടീസ് തീയതി: 19-11-2024** **(ഡി) പ്രതീകാത്മക കൈവശം**	(എ) രൂപ **1770.00 ലക്ഷം** (ബി) രൂപ **177.00 ലക്ഷം** (സി) രൂപ **10,00,000/-**	അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളൊന്നുമില്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു.

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 07-06-2026 ന് വൈകുന്നേരം 4 മണിക്ക് മുമ്പ്

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 06-06-2026 ന് മുമ്പ്

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ "**എവിടെയാണോ**" "**എങ്ങിനെയാണോ**" "**ഏതൊക്കെയാണോ**" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപ്പന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപ്പന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **08-06-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണി വരെയായിരിക്കും. (7).** ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 07-05-2026, സ്ഥലം: എറണാകുളം. **(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി.എറണാകുളം**